DWCD/1357/2022-ICDSB2

I/58831/2022

വനിതശിശുവികസനഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :14-09-2022
Email -wcdicdsb2@gmail.com
Phone : 0471 – 2346534

**സർക്കുലർ**

വിഷയം: വനിത ശിശുവികസന വകുപ്പ് – സംയോജിത ശിശുവികസന സേവന പദ്ധതി – അങ്കണവാടി സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തൽ - ഗ്രേഡിംഗ്- സംബന്ധിച്ച്.

സൂചന: 1. സ.ഉ(സാധാ) നം. 434/2021/സാനീവ, തീയതി തിരുവനന്തപുരം 22.06.2021
2. 12.04.2022 ലെ ഐസിഡിഎസ്/ബി2-11310/20 നമ്പർ സർക്കുലർ
3.2022 ജൂൺ 16, 17 തീയതികളിൽ നടന്ന സംസ്ഥാന തല റിവ്യൂ മീറ്റിംഗ്.
4. പ്രോഗ്രാം ഓഫീസർമാർ മുഖാന്തിരം എല്ലാ ജില്ലകളിൽ നിന്നും ലഭിച്ച ഗ്രേഡിംഗ് റിപ്പോർട്ട്.

അങ്കണവാടികളുടേയും അങ്കണവാടി പ്രവർത്തകരുടേയും സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി അങ്കണവാടികളെ ഗ്രേഡിംഗ് ചെയ്യുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ സൂചന(1) പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

ആയത് അനുസരിച്ച് സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും ഐസിഡിഎസ് തലത്തിലും കൈകൊള്ളേണ്ടുന്ന നിർദ്ദേശങ്ങൾ സൂചന (2) പ്രകാരം നൽകുകയും ഉണ്ടായി. പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ അങ്കണവാടികളെ ഗ്രേഡിംഗ് നടത്തുകയും ആയതിന്റെ റിപ്പോർട്ട് സൂചന (4) ചുവടെ വിവരിക്കും പ്രകാരം എല്ലാ പ്രോഗ്രാം ഓഫീസർമാരും സമർപ്പിക്കുകയുമുണ്ടായി.

| ക്രമ നം. | ജില്ല | ആകെ അങ്കണവാടികളുടെ എണ്ണം | ഗ്രേഡ് | | | |
|---|---|---|---|---|---|---|
| | | | എ | ബി | സി | ഡി |
| 1 | തിരുവനന്തപുരം | 3061 | 981 | 1499 | 526 | 55 |
| 2 | കൊല്ലം | 2723 | 1526 | 1117 | 80 | 0 |
| 3 | പത്തനംതിട്ട | 1389 | 514 | 722 | 153 | 0 |
| 4 | ആലപ്പുഴ | 2150 | 948 | 1019 | 183 | 0 |
| 5 | ഇടുക്കി | 1561 | 905 | 575 | 80 | 1 |

| | | | | | | |
|---|---|---|---|---|---|---|
| 6 | കോട്ടയം | 2050 | 1001 | 953 | 96 | 0 |
| 7 | എറണാകുളം | 2858 | 1735 | 1018 | 104 | 1 |
| 8 | തൃശ്ശൂർ | 3016 | 1892 | 1028 | 95 | 1 |
| 9 | പാലക്കാട് | 2835 | 1846 | 909 | 80 | 0 |
| 10 | മലപ്പുറം | 3808 | 2509 | 1157 | 142 | 0 |
| 11 | കോഴിക്കോട് | 2938 | 1637 | 1183 | 118 | 0 |
| 12 | വയനാട് | 874 | 557 | 298 | 19 | 0 |
| 13 | കണ്ണൂർ | 2504 | 1643 | 790 | 71 | 0 |
| 14 | കാസർഗോഡ് | 1348 | 780 | 533 | 35 | 0 |
| | ആകെ | 33115 | 18474 | 12801 | 1782 | 58 |

2022 ജൂൺ 16, 17 എന്നീ തീയതികളിൽ നടന്ന സംസ്ഥാനതല റിവ്യൂ മീറ്റിംഗിലെ അജണ്ട നമ്പർ 9 ൽ "അങ്കണവാടി ഗ്രേഡിംഗ്" ഒരു വിഷയമായി ഉൾക്കൊള്ളിക്കുകയും റിവ്യൂ നടത്തിയതിന്റേയും അടിസ്ഥാനത്തിൽ ഡി ഗ്രേഡിൽ ഉൾപ്പെട്ടിട്ടുള്ള 58 അങ്കണവാടികൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, ഒക്ടോബറിൽ നടക്കുന്ന മീറ്റിംഗിൽ ഡി ഗ്രേഡിൽ ഉൾപ്പെട്ടിട്ടുള്ള 58 അങ്കണവാടികൾ പൂർണ്ണമായി upgrade ചെയ്യുകയും സി ഗ്രേഡിലുള്ള 1782 അങ്കണവാടികളിൽ 50% എങ്കിലും എ/ബി ഗ്രേഡിലേയ്ക്ക് ഉയർത്തേണ്ടതാണെന്നും നിർദ്ദേശിക്കുകയുണ്ടായി.

ആയതിനാൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും നിലവിൽ സി. ഡി എന്നീ ഗ്രേഡുകളിൽ ഉൾപ്പെട്ടിട്ടുള്ള അങ്കണവാടികൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും ആയതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ സെപ്റ്റംബർ 19 നകം wcdicdsb2@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതുമാണ്. "ഡി" ഗ്രേഡിൽ അങ്കണവാടികൾ ഉൾപ്പെടാത്ത ജില്ലകൾ ആയത് ഉറപ്പ് വരുത്തിയതിന് ശേഷം റിപ്പോർട്ടിനൊപ്പം "ഡി" ഗ്രേഡിൽ അങ്കണവാടികളൊന്നും ഉൾപ്പെട്ടില്ലെന്ന സാക്ഷ്യ പത്രം സമർപ്പിക്കേണ്ടതുമാണ്.

വനിത ശിശുവികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ശിശുവികസന പദ്ധതിഓഫീസർമാർക്കും

Signed by Priyanka G

Date: 14-09-2022 17:10:32